"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - സമന്വയ പ്ലാറ്റ്ഫോം പരിഷ്കരണം - ശ്രീ.ഉണ്ണികൃഷ്ണൻ ആർ.കെ, ജൂനിയർ സൂപ്രണ്ട്, ശ്രീ.മുഹമ്മദാലി.വി.പി, ജൂനിയർ സൂപ്രണ്ട് എന്നിവരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

G.O.(Ms)No.13/2025/GEDN തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.03.2024,31.08.2024, 30.09.2024 തീയതികളിലെ ഡി.ജി.ഇ/1961/2023/എച്.2/ നമ്പർ കത്തുകൾ.
2. 10.09.2024 തീയതിയിലെ ജെ.ആർ1/141/2024/പൊ.വി.വ നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.09.2024 തീയതിയിലെ സി5/18654/2024/ഡി.ജി. ഇ നമ്പർ നടപടിക്രമം.

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും സുതാര്യമായും സമയബന്ധിതമായും നടത്തുന്നതിനായി രൂപപ്പെടുത്തിയ സംവിധാനമാണ് സമന്വയ പ്ലാറ്റ്ഫോം. സമന്വയയിൽ വകുപ്പിന്റെ ആവശ്യാനുസരണം പരിഷ്കാരങ്ങൾ വരുത്തുന്നതിനായി ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ.ഉണ്ണികൃഷ്ണൻ.ആർ.കെ, ശ്രീ.മുഹമ്മദാലി.വി.പി. എന്നിവരുടെ ലാവണം താത്കാലികമായി ഒരു വർഷത്തേക്ക് പാലക്കാട്, മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായ കെ.എ.എസ്.ഇ.പി.എഫ് വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തികകളിൽ നിലനിർത്തി കൊണ്ട്, അവർക്ക് പ്രവർത്തന സ്ഥലസൗകര്യമുള്ള ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസ് കേന്ദ്രീകരിച്ച് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ പൂർണ്ണമായും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനു തുടർച്ചയായി ആവശ്യമായ ഭരണപരമായ മറ്റു ക്രമീകരണങ്ങൾ നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സമന്വയ പ്ലാറ്റ്ഫോം പരിഷ്കരണം സംബന്ധിച്ച് ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ മേൽ ഉദ്യോഗസ്ഥർക്കു പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകേണ്ടതും പ്രവർത്തന പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തേണ്ടതുമാണ്.

2. മേൽപ്പറഞ്ഞ പ്രകാരം സമന്വയ പോർട്ടൽ സമഗ്രമായി പരിഷ്ക്കരിക്കുന്നതിനായി ജോലി ക്രമീകരണവ്യവസ്ഥയിൽ നിയമിക്കുന്ന ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായത്തിനായി കൈറ്റിലെ 2 സാങ്കേതിക വിദഗ്ധരുടെ സേവനം, അവരെ കൈറ്റിൽ തന്നെ നിലനിർത്തികൊണ്ട്, ഒരു വർഷത്തേക്ക് പൂർണ്ണമായും ലഭ്യമാക്കുന്നതിനായുള്ള നടപടികൾ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

3. സമന്വയ പോർട്ടൽ പരിഷ്ക്കരണത്തിന്റെ ദ്വൈമാസ പ്രവർത്തന പുരോഗതി റിപ്പോർട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RANI GEORGE
PRINCIPAL SECRETARY

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള തിരുവനന്തപുരം.
3.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
4. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. പൊതുഭരണ (എസ്.സി) വകുപ്പ് (22.01.2025-ലെ ഇനം നം. 2641 പ്രകാരം)
6 ധനകാര്യ (എഡ്യൂക്കേഷൻ-എ) വകുപ്പ് (26.07.2024 ലെ E-2814796/EDN-A1/91/2024-FIN പ്രകാരം)
7. ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
N K Sheena
സെക്ഷൻ ഓഫീസർ
Date: 25-01-2025 14:55:42

AJS
Rh
23/1/25

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2025

ഫയൽ നം. ജെ.ആർ1/141/2024/പൊവിവ.

ഇനം നം: 2641

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - സമന്വയ പ്ലാറ്റ്ഫോം പരിഷ്കരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ. ആർ.കെ. ഉണ്ണികൃഷ്ണൻ, ശ്രീ. വി.പി. മുഹമ്മദാലി എന്നിവരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ജെ.ആർ 1/141/2024/പൊവിവ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ് |
| 3 | വിഷയം | : | സമന്വയ പ്ലാറ്റ്ഫോം പരിഷ്കരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ ആർ.കെ ഉണ്ണികൃഷ്ണൻ, ശ്രീ വി.പി മുഹമ്മദാലി എന്നിവരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21-11-2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. മീനാംബിക. എം.ഐ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി റാണിജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.11.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.01.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.01.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ആവശ്യാനുസരണം സമന്വയ പ്ലാറ്റ്ഫോമിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിനായി ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ ആർ.കെ ഉണ്ണികൃഷ്ണൻ, ശ്രീ വി.പി. മുഹമ്മദാലി എന്നിവരുടെ ലാവണം താത്കാലികമായി ഒരു വർഷത്തേക്ക് പാലക്കാട്, മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റുകളിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായ കെ.എ.എസ്.ഇ.പി.എഫ് വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തികകളിൽ നിലനിർത്തി കൊണ്ട്, അവർക്ക് പ്രവർത്തന സ്ഥലസൗകര്യമുള്ള ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസ് കേന്ദ്രീകരിച്ച് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ പൂർണ്ണമായും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും സുതാര്യമായും സമയബന്ധിതമായും നടത്തുന്നതിനായി രൂപപ്പെടുത്തിയ ഏറ്റവും പ്രധാനപ്പെട്ട സംവിധാനമാണ് 2019 ൽ ആരംഭിച്ച സമമ്പയ പ്ലാറ്റ്ഫോം. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും, നിലവിൽ വകുപ്പ് അഭിമുഖീകരിക്കുന്ന നിരവധി സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമന്വയയിൽ സോഫ്റ്റ്വെയർ കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. സമന്വയയിൽ വകുപ്പിന്റെ ആവശ്യാനുസരണം പരിഷ്കാരങ്ങൾ വരുത്തുന്നത് വഴി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാവുകയും, അത് വഴി കോടതി വ്യവഹാരങ്ങൾ കുറയ്ക്കാനും സാധിക്കും. ഇതിലേക്കായി വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ ആർ.കെ ഉണ്ണികൃഷ്ണൻ, ശ്രീ വി.പി. മുഹമ്മദാലി എന്നിവരെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ, പൂർണ്ണമായും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ, ഒരു വർഷത്തേയ്ക്ക് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള ശുപാർശ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചു .

3. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ കുറിക്കുന്നു:

"സർക്കാരിന് ബാധ്യത വരാത്ത രീതിയിൽ, പാലക്കാട്, കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലെ കെ.എ.എസ്.ഇ.പി.എഫ് വിഭാഗത്തിലുള്ള 2 ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഒരോരുത്തരെ മാറ്റി അവരുടെ ചുമതല അവിടെ തന്നെയുള്ള സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യുന്നയാൾക്ക് അധികമായി നൽകുക വഴി സംജാതമാകുന്ന ഒഴിവുകളാണ് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി കണ്ടെത്തിയിരിക്കുന്നത്. Working Arrangement വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് നിലവിൽ ആരോഗ്യകുടുംബ ക്ഷേമ വകുപ്പിൽ മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിൽ നിന്നും ഒരു വകുപ്പിന് മാത്രം ഇളവ് നൽകുന്നത് ഉചിതമല്ല. എന്നിരുന്നാലും, വിദ്യാഭ്യാസ മേഖലയിൽ വളരെ അധികം പ്രാധാന്യമർഹിക്കുന്ന സമന്വയ പോലെയുള്ള സോഫ്റ്റ്‌വെയറിന്റെ അപ്ഡേഷന് പ്രസ്തുത സംവിധാനം നിലവിൽ നേരിട്ട് കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ആയത് പരിഹരിക്കുന്നതിനും വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ പരിജ്ഞാനം വളരെയധികം പ്രാധാന്യമർഹിക്കുന്നുണ്ട്. ആയതുകൊണ്ടും, ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം കാരണം (പാലക്കാട് ജില്ലയിൽ തന്നെയുള്ള ഉദ്യോഗസ്ഥരെ അതേ ജില്ലയിൽ തന്നെ നിലനിർത്തിയാണ് നിയമനം ശുപാർശ ചെയ്തിരിക്കുന്നത്) അധിക ചെലവുണ്ടാകാത്തതിനാലും ആവശ്യപ്പെട്ടിരിക്കുന്നതുപോലെ, ഒരു വർഷ കാലയളവിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള അനുമതി മന്ത്രിസഭയുടെ തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിനോട് ധനകാര്യ വകുപ്പ് യോജിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.03.2024 തീയതിയിലെ പ്രൊപ്പോസൽ പ്രകാരം ശ്രീ ഉണ്ണികൃഷ്ണൻ.ആർ.കെ, ശ്രീ മുഹമ്മദാലി.വി.പി എന്നിവർ യഥാക്രമം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലും, ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ നൂൺ മീൽ ഓഫീസർ തസ്തികയിലുമാണ് ജോലി ചെയ്തിരുന്നത്. ഇവരെ പാലക്കാട്, കോഴിക്കോട്

വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റുകളിലെ കെ.എ.എസ്.ഇ. പി.എഫ് വിഭാഗത്തിലേക്ക് മാറ്റി, പ്രവർത്തന സ്ഥലസൗകര്യമുള്ള ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസ് കേന്ദ്രീകരിച്ചു കൊണ്ട് സമന്വയ പ്ലാറ്റ്ഫോമിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിനായി ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുവാനാണ് അപേക്ഷിച്ചിരുന്നത്. എന്നാൽ വകുപ്പിലെ പൊതു സ്ഥല മാറ്റ നടപടികൾ പൂർത്തീകരിച്ചപ്പോൾ, ശ്രീ ആർ.കെ ഉണ്ണികൃഷ്ണൻ, ശ്രീ വി.പി. മുഹമ്മദാലി എന്നിവരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി സർക്കാരിനെ നേരത്തെ അറിയിച്ചത് പ്രകാരമുള്ള ഒഴിവുകൾ ലഭ്യമല്ലാതെ വന്നതിനാൽ മേൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ പുതുക്കിയ ശുപാർശ സമർപ്പിച്ചു. നിലവിൽ ശ്രീ ആർ.കെ ഉണ്ണികൃഷ്ണൻ, ശ്രീ വി.പി. മുഹമ്മദാലി എന്നിവർ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലാണ് ജോലി ചെയ്തു വരുന്നത്. ഇവരുടെ ലാവണം താത്കാലികമായി ഒരു വർഷത്തേക്ക് പാലക്കാട്, മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റുകളിലെ കെ.എ.എസ്.ഇ.പി.എഫ് വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവുകളിൽ നിലനിർത്തി കൊണ്ട്, അവർക്ക് പ്രവർത്തന സ്ഥലസൗകര്യമുള്ള ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസ് കേന്ദ്രീകരിച്ച് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ പൂർണ്ണമായും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുവാനാണ് ഇപ്പോൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുള്ളത്. പുതുക്കിയ ശുപാർശ പ്രകാരം ഒഴിവുകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ മറ്റു സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടർ നടപടിക്രമം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ലീൻ നിലനിർത്തുന്ന ജൂനിയർ സൂപ്രണ്ട് തസ്തികകളിലെ ചുമതല ടി സെക്ഷനിലെ സീനിയർ സൂപ്രണ്ടുമാർ ഇവരുടെ അഭാവത്തിൽ വഹിക്കേണ്ടതാണ് എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സമന്വയ പ്ലാറ്റ്ഫോം അപ്ഡേറ്റ് ചെയ്യുന്നതിനായി ശ്രീ ആർ.കെ ഉണ്ണികൃഷ്ണൻ, ശ്രീ വി.പി. മുഹമ്മദാലി എന്നിവർക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമനം നൽകുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം.</u>**

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ആവശ്യാനുസരണം സമന്വയ പ്ലാറ്റ്ഫോമിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിനായി ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ ആർ.കെ ഉണ്ണികൃഷ്ണൻ, ശ്രീ വി.പി. മുഹമ്മദാലി എന്നിവരുടെ ലാവണം താത്കാലികമായി ഒരു വർഷത്തേക്ക് പാലക്കാട്, മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റുകളിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായ കെ.എ.എസ്.ഇ.പി.എഫ് വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തികകളിൽ നിലനിർത്തി കൊണ്ട്, അവർക്ക് പ്രവർത്തന സ്ഥലസൗകര്യമുള്ള ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസ് കേന്ദ്രീകരിച്ച് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ പൂർണ്ണമായും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകാമോ?